**ഇടശ്ശേരി ഗോവിന്ദൻ നായർ അന്തരിച്ചു. ചില റിപ്പോർട്ടുകൾ**

മാതൃഭൂമി (2 എഡിഷനുകൾ) 1974 ഒക്ടോബർ 17 വ്യാഴം

എക്സ്പ്രസ്സ് തൃശ്ശൂർ, 1974 ഒക്ടോബർ 17, വ്യാഴം

1

# ഇടശ്ശേരി ഗോവിന്ദൻനായർ അന്തരിച്ചു

പൊന്നാനി, ഒക്ടോബർ 16–സുപ്രസിദ്ധ കവി ശ്രീ ഇടശ്ശേരി ഗോവിന്ദൻനായർ (68) ഹൃദയസ്തംഭനത്താൽ ഇന്ന് കാലത്ത് പൊന്നാനിയിൽ സ്വവസതിയായ 'പുത്തില്ലത്ത്' നിര്യാതനായി.

കേരള സാഹിത്യസമിതി പ്രസിഡണ്ടും കേരള സാഹിത്യഅക്കാദമി കൗൺസിൽ അംഗവുമായിരുന്നു ഗോവിന്ദൻനായർ.

ചൊവ്വാഴ്ച രാത്രി ഇടത്തെ വാരിഭാഗത്ത് അദ്ദേഹത്തിന് അല്പം വേദനയനുഭവപ്പെട്ടിരുന്നു. ഇന്നു കാലത്ത് കോടതിയിൽ പോകാനൊരുങ്ങി ചായ കഴിച്ചുകൊണ്ടിരിയ്ക്കെ പെട്ടെന്നു അസ്വാസ്ഥ്യം തോന്നുകയും താമസിയാതെ 7.55നു മരണപ്പെടുകയുമാണുണ്ടായത്. മരിയ്ക്കുമ്പോൾ ഭാര്യ ജാനകി അമ്മയും ഇളയമകൾ ഉഷയും അടുത്തുണ്ടായിരുന്നു.

എഫ്.എ.സി.ടി. ഉദ്യോഗസ്ഥനായ സതീശ് നാരായണൻ, വളർന്നു വരുന്ന കഥാകൃത്തും ബോംബെയിലെ ഒരു കമ്പനിയിൽ ഉദ്യോഗസ്ഥനുമായ ഹരികുമാർ, ഹൈദരബാദിൽ ഇലക്ട്രോണിക്സ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥനായ ഉണ്ണികൃഷ്ണൻ, റിസർവ്വ് ബാങ്കിൽ ഉദ്യോഗസ്ഥനായ മാധവൻ, മെഡിക്കൽ കോളേജ് വിദ്യാർത്ഥി ദിവാകരൻ, റീജ്യനൽ എഞ്ചിനീയറിങ്ങ് കോളേജ് വിദ്യാർത്ഥി അശോക്കുമാർ എന്നീ ആറു പുത്രന്മാരും രണ്ടു പുത്രിമാരുണ്ട് പരേതന്. ഇളയമകൾ ഉഷ പൊന്നാനി എം.ഇ.എസ്.കോളേജ് വിദ്യാർത്ഥിനിയാണ്. മൂത്തമകൾ ഗിരിജാദേവിയെ വിവാഹം കഴിച്ചത് ബാംഗ്ലൂരിൽ എയർഫോഴ്സ് ഉദ്യോഗസ്ഥനായ സി.എൻ. രാധാകൃഷ്ണനാണ്.

മരണവാർത്ത അറിഞ്ഞ ഉടൻ സഹപ്രവർത്തകരും ശിഷ്യരും സഹൃദയരും ആരാധകരുമുൾപ്പെടെ സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള അനേകം വ്യക്തികൾ പുത്തില്ലത്തെത്തി പരേതന്റെ സ്മരണയ്ക്കു അന്തിമാഭിവാദ്യങ്ങളർപ്പിച്ചു.

'മാതൃഭൂമി' അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കെ.പി. ദാമോദരൻ, വി.ടി. ഭട്ടതിരിപ്പാട്, കേരള സാഹിത്യസമിതി സിക്രട്ടറി കെ.വി. രാമകൃഷ്ണൻ, തായാട്ട് ശങ്കരൻ, അക്കിത്തം, കുഞ്ഞുണ്ണി മാസ്റ്റർ, എം.ആർ.ബി., കടവനാട് കുട്ടിക്കൃഷ്ണൻ, ഡി.സി.സി. വൈസ്പ്രസിഡണ്ട് സി. ഹരിദാസ്, സി. ചോയുണ്ണി, പൊന്നാനി ബ്ലോക്ക് കോൺ. സിക്രട്ടറി എം.എ. അബ്ദു, തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീധരമേനോൻ, മുൻമന്ത്രി ഇ.കെ. ഇമ്പിച്ചിബാവ, പി.സി. കുട്ടികൃഷ്ണൻ തുടങ്ങിയവർ "നാട്ടുമ്പുറത്തെ കരുവാന്റെ ആല"യോട് ഇടശ്ശേരി തന്നെ സാദൃശ്യപ്പെടുത്തിയ "ആരാധകരോ സ്നേഹിതരോ ഇല്ലാത്ത" അദ്ദേഹത്തിന്റെ "പണിപ്പുര"യിലെത്തി ആ സാഹിതീഭക്തന്റെ കാലുകളിൽ നമിച്ചു.

'മാതൃഭൂമി', എക്സ്പ്രസ്സ്', 'മലയാള മനോരമ', മലപ്പുറം ഡി.സി.സി., കേരളസാഹിത്യ അക്കാദമി, സാഹിത്യപ്രവർത്തക സഹകരണസംഘം, സമസ്ത കേരള സാഹിത്യപരിഷത്ത്, കേരള ഗ്രന്ഥശാലാസംഘം, കേരള സംഗീതനാടകഅക്കാദമി, കേരളസാഹിത്യസമിതി, എന്നിവക്കു വേണ്ടി ഇടശ്ശേരിയുടെ മൃതദേഹത്തിൽ റീത്തുകൾ അർപ്പിക്കപ്പെട്ടു.

പൊന്നാനി ലയൺസ് ക്ലബ്ബ്, ഇഴുവത്തുരുത്തി യുവജന സമിതി, കെ.എ.പി.ടി. യൂനിയൻ, പൊന്നാനി എ.വി. ഹൈസ്ക്കൂൾ, പൊന്നാനി എം.ഐ. ഹൈസ്ക്കൂൾ, മാർക്സിസ്റ്റ് പാർട്ടി, എൻ.ജി.ഒ., കെ.പി.ടി.യു., കെ.ജി.പി.ടി., എ.എഫ്.എസ്., ഇ.ടി.ഒ., പി.ജി.ടി.യു.. ബ്ലോക്ക് കോൺ. കമ്മിറ്റി, സർവ്വോദയ ചർക്കാ സംഘം, ഉദയാ കലാസമിതി, കൃഷ്ണപണിക്കർ സ്മാരക ഗ്രന്ഥാലയം, യുവസാഹിത്യ വേദി, തൃക്കാവ് മഹിളാസമാജം, ജോയന്റ് കൗൺസിൽ, തൃക്കാവ് ക്ഷേത്ര സംരക്ഷണസമിതി, പുത്തൂർ, കേളപ്പസ്മാരക വായനശാല സമർപ്പണം മാസിക തുടങ്ങി നിരവധി സ്ഥാപനങ്ങളുടെയു സംഘടനകളു

**ഇടശ്ശേരി ഗോവിന്ദൻ നായർ അന്തരിച്ചു. ചില റിപ്പോർട്ടുകൾ**

മാതൃഭൂമി (2 എഡിഷനുകൾ) 1974 ഒക്ടോബർ 17 വ്യാഴം

എക്സ്പ്രസ്സ് തൃശ്ശൂർ, 1974 ഒക്ടോബർ 17, വ്യാഴം



ടെയും പ്രതിനിധികൾ മൃതദേഹത്തിൽ ഹാരങ്ങൾ അർപ്പിച്ചു.

ചൊവ്വാഴ്ച പോലും ശ്രീ ഇടശ്ശേരി കോടതിയിൽ പോയിരുന്നു. അദ്ദേഹത്തോടുള്ള ബഹുമാനാർത്ഥം പൊന്നാനി മുൻസീഫ് മജിസ്ട്രേട്ട് കോടതിയിൽ റഫറൻസ് നടക്കുകയും കോടതി നടപടികൾ നിർത്തിവെക്കുകയും ചെയ്തു. പൊന്നാനി എ.വി. ഹൈസ്ക്കൂളിന്നും ബി.ഇ.എം.യു.പി. സ്ക്കൂളിന്നും അവധി നൽകപ്പെട്ടു. എ.വി. ഹൈസ്ക്കൂൾ അധ്യാപകരക്ഷാകർതൃ സമിതിയുടെ സ്ഥിരം പ്രസിഡണ്ട് കൂടിയാണ് ഇടശ്ശേരി.

ഈയിടെ ബാധിച്ച 'ഗ്യാസ്ട്രബിളിൽ'നിന്നു പൂർണ്ണ വിമുക്തനായെങ്കിലും മെഡിക്കൽ കോളേജിലെ ഒരു വിദഗ്ദ്ധ ഡോക്ടറെ കാണുവാൻ ഉപദേശിച്ച തന്റെ അടുത്ത സുഹൃത്തിനോടു 'എനിക്കിപ്പോൾ ചീത്തസമയമാണ്' അത് കഴിയട്ടെ' എന്നാണത്രെ ഇടശ്ശേരി പറഞ്ഞത്. ഒക്ടോബർ 7-ാംതീയതി നടന്ന മഹിളാസമാജം യോഗമാണ് അദ്ദേഹം അവസാനം സംബന്ധിച്ച ചടങ്ങ്.

## ജീവചരിത്രം

ജനനം 23-12-1906-ൽ കുറ്റിപ്പുറത്തു സാമ്പത്തികമായി തകർന്നു കഴിഞ്ഞിരുന്ന ഇടശ്ശേരിത്തറവാട്ടിൽ. വീട്ടിലെ പട്ടിണിയും ക്ലേശങ്ങളും നിമിത്തം വക്കീൽ ഗുമസ്തപ്പണി പഠിക്കാൻ 15-ാം വയസ്സിൽ ഒരകന്ന കാരണവരോടുകൂടി ആലപ്പുഴയ്ക്കുപോയി. പക്ഷെ, ആ കാരണവർ (ശങ്കരൻനായർ) പണമൊന്നും കൊടുത്തില്ല. ഒടുവിലൊരു ട്യൂഷൻ (ഒരു രൂപ ഫീസ്) കൊടുക്കാൻ തരപ്പെട്ടു. രണ്ട് മാസം കൊണ്ട് രണ്ടുറുപ്പിക സമ്പാദിച്ച് അമ്മക്ക് പുതപ്പ് വാങ്ങാൻ കൊടുത്തയച്ചപ്പോൾ ഇടശ്ശേരിയനുഭവിച്ച ധന്യതയും ജന്മസാഫല്യബോധവും അവാച്യമായിരുന്നു. മറ്റൊരു വക്കീൽ ഗുമസ്തനും കവിയുമായ മാഞ്ഞൂർ പരമേശ്വരൻ പിള്ളയുമായി പരിചയപ്പെട്ടശേഷമാണ് ഇടശ്ശേരിക്കും കവിതക്കമ്പം പിടിപെട്ടത്. കോടതി സമയം കഴിഞ്ഞാൽ ഇവർ തമ്മിൽ കവിതാ-സാഹിത്യ ചർച്ചകളായി. ചില കവിതകൾ അക്കാലത്ത് ഇടശ്ശേരിയും എഴുതി. എട്ട് കൊല്ലം കഴിഞ്ഞ് 1929ൽ കോഴിക്കോട്ടുവന്ന് തലശ്ശേരി കുഞ്ഞിരാമമേനോന്റെ വക്കീൽ ഗുമസ്തനായി. അവിടെവച്ച് 'ലത', 'സാന്ത്വനം' തുടങ്ങിയ പല കവിതകളും രചിച്ചു. ഒരു കൊല്ലം കഴിഞ്ഞ് സിംഗപ്പൂരിലേക്ക് പോകാനുറച്ചു. പക്ഷെ കൊണ്ടുപോകാമെന്നേറ്റ ആൾ പെട്ടെന്ന് മരിച്ചതോടെ അത് മുടങ്ങി. പിന്നീട് പൊന്നാനിയിൽ വന്ന് അഡ്വക്കറ്റ് കെ. ശങ്കരമേനോന്റെ ക്ലാർക്കായി. ആയിടക്ക് പഞ്ചായത്തു കോടതികളിൽ ഹാജരായി 'പാറവക്കീലായി' പ്രാക്ടീസും തുടങ്ങി. പി.സി. കുട്ടികൃഷ്ണൻ, കുട്ടികൃഷ്ണമാരാര്, ഇ. നാരായണൻ എന്നിവരുമായുള്ള പരിചയം കവിതാരചനയ്ക്കുത്തേജകമായി. മുമ്പേ ഖാദിയുടുക്കുവാനും ദേശീയ പ്രസ്ഥാനത്തോട് സഹകരിക്കുവാനും തയ്യാറായിരുന്ന ദേശാഭിമാനിയായ ഇടശ്ശേരിയെ ചുറ്റുപാടും നടന്ന സമരങ്ങളാകർഷിക്കാതിരുന്നില്ല. അന്ന് ഇടശ്ശേരിയും മറ്റും മുൻകൈയെടുത്തു സ്ഥാപിച്ച കൃഷ്ണപ്പണിക്കർ സ്മാരക വായനശാലയാണ് പൊന്നാനിയിലെ ദേശീയ പ്രസ്ഥാനത്തിന്റെ ജീവൻ. ജീവിതത്തിൽ ഗാന്ധിജിയെപ്പോലെ സ്വാധീനിച്ച ഒരു നേതാവ് അദ്ദേഹത്തിന് വേറെയില്ല. 1113 മകരം 2-ന് ഇടശ്ശേരി വിവാഹിതനായി. ഇടക്കണ്ടി ജാനകി അമ്മയാണ് ഭാര്യ. (ഇവർ കവിതകളും കഥകളും എഴുതാറുണ്ട്.) 11 കുട്ടികളുണ്ടായതിൽ 3 പേർ മരിച്ചു. സതീശ് നാരായണൻ, ഹരികുമാർ എന്നീ മൂത്ത രണ്ടു മക്കൾ കൽക്കത്തയിൽ ജോലി ചെയ്യുന്നു.

വന്നേരിനിന്ന് പുറപ്പെട്ട 'യുവദീപം' മാസികയിൽ ആദ്യ കവിത (1935-നുമുമ്പ്) പുറത്തുവന്നു. 'അഹല്യ' എന്നൊരു ഖണ്ഡകാവ്യമെഴുതിയത് മറ്റൊരു സുഹൃത്ത് വായിക്കാൻ കൊണ്ടുപോയി സ്വന്തം പേരിൽ പ്രസിദ്ധീകരിച്ചിരുന്നു. മലയാളനാടകങ്ങളുടെ വഴിത്തിരിവുകുറിച്ച - സംഗീത നാടകങ്ങളുടെ ബോറടിയിൽ നിന്ന് രക്ഷപ്പെടുത്തി നവീന നാടകങ്ങളിലേക്കുള്ള പരിവർത്തനം കുറിച്ച പ്രശ്നനാടകങ്ങളുടെ വരവു കുറിച്ച-'കൂട്ടുകൃഷി' പ്രസിദ്ധിനേടിയ ഒരു നാടകമാണ്. കവിയായ ഇടശ്ശേരി മികച്ച നാടകകൃത്തുകളിലൊരാളുകൂടിയാണെന്നർത്ഥം. കൃതികൾ (1) അളകാവലി, (2) കറുത്തചെട്ടിച്ചികൾ (3) പുത്തൻക

**ഇടശ്ശേരി ഗോവിന്ദൻ നായർ അന്തരിച്ചു. ചില റിപ്പോർട്ടുകൾ**

മാതൃഭൂമി (2 എഡിഷനുകൾ) 1974 ഒക്ടോബർ 17 വ്യാഴം

എക്സ്പ്രസ്സ് തൃശ്ശൂർ, 1974 ഒക്ടോബർ 17, വ്യാഴം



ലവും അരിവാളും, (4) ലഘുഗാനങ്ങൾ, (5) തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ, (6) കാവിലെപാട്ട്, (7) ഒരു പിടിനെല്ലിക്ക, (8) തെരഞ്ഞെടുത്ത കവിതകൾ, (9) കൂട്ടുകൃഷി, (10) കളിയും ചിരിയും, (11) ഞെടിയിൽ പടരാത്ത മുല്ല, (12) ചാലിയത്തി, (13) എണ്ണിച്ചുട്ട അപ്പം, (14) നൂലാമാല, (അവസാനത്തെ ആറും നാടകങ്ങൾ)

## ചൂടും വെളിച്ചവും ജീവനുമുള്ള ശബ്ദം

### മഹാകവി ജി.

"സമുദായത്തിനോട് യാതൊരു കർത്തവ്യവുമില്ല കവിക്ക് എന്ന് വാദിക്കുന്ന ഒരു കാലഘട്ടത്തിൽ സമുദായത്തോടും ജീവിതത്തോടും മാത്രമേ കവിയുടെ തൂലികയ്ക്കു മുഖ്യ കർത്തവ്യമുള്ളുവെന്ന് വിശ്വസിച്ചിരുന്ന, ചൂടുംവെളിച്ചവും ജീവനുമുള്ള ശബ്ദമായിരുന്നു ഇടശ്ശേരിയുടേത്" എന്ന മഹാകവി ജി. ശങ്കരക്കുറുപ്പ് ഒരു അനുശോചന സന്ദേശത്തിൽ പറഞ്ഞു.

ലക്ഷ്യവും മാർഗവും തമ്മിലുള്ള പൊരുത്തക്കേടിനെക്കാൾ ലക്ഷ്യത്തിലെത്താനുള്ള വളഞ്ഞവഴിയുടെ വിദൂരതയാണ് ഇടശ്ശേരിയെ വേദനിപ്പിച്ചിരുന്നതെന്ന് മഹാകവി ജി. അഭിപ്രായപ്പെട്ടു. "തിന്നാൻ വരുന്ന പുലിയുടെ മീതെ ബുദ്ധന്റെ പ്രതിമ മറിച്ചുകൊണ്ട് ആ ഹിംസ്രജീവിയുടെ രക്തം തെറിക്കുന്നതിൽ ധാർമ്മികമായ ഒരു തെറ്റും കാണാതെ സ്വന്തം ഗൃഹത്തിലേക്ക് തുണിത്തുമ്പിൽ കെട്ടിയ റേഷനരിയോടു കൂടി നടന്നു പോകുന്ന ഒരു വേലക്കാരനാണ് അദ്ദേഹത്തിന്റെ ആ നായകൻ'

അഹിംസ ആരാദ്ധ്യമാണ്, പക്ഷെ ഹിംസ കൊണ്ടായാൽ പോലും ധാർമ്മികമായ ഒരു പരിവർത്തനം അതിവേഗത്തിൽ സാധിച്ചേ കഴിയൂ എന്ന് ഇടശ്ശേരി വിശ്വസിച്ചിരുന്നുവെന്ന് ജി. പറഞ്ഞു. "എല്ലാ അനീതികളേയും കുഴിവെട്ടി മൂടുക, കവിയുടെ തൂലിക സാമുദായിക പരിവർത്തനത്തിന്നുള്ള ശക്തമായ ആയുധമാക്കുക-ഇടശ്ശേരിയുടെ സന്ദേശം അതായിരുന്നു. കേരളത്തിൽ പല കവികളുമുണ്ടെങ്കിലും ഇടശ്ശേരിയുടെ ശബ്ദത്തിനുള്ള ഓജസ്സും ഊർജ്ജസ്വലതയും ഒന്നു വേറെയാണ്. ജീവിതാനുഭവങ്ങളുടെ ഹൃദയകേന്ദ്രത്തിൽ നിന്നായിരുന്നു അദ്ദേഹത്തിന്റെ പ്രചോദനമെന്ന് തോന്നുന്നു."

ഒന്നു രണ്ടാഴ്ച മുമ്പാണ് ഇടശ്ശേരി വീട്ടിലേക്ക് ക്ഷണിച്ചുകൊണ്ട് തനിക്ക് ഒരു കത്തെഴുതിയതെന്ന് മഹാകവി ജി. അനുസ്മരിച്ചു. "അടുത്തകാലത്ത് പ്രസിദ്ധപ്പെടുത്തിയ ഭാരതീയ കവിതാസമാഹാരത്തിന്റെ മലയാള സങ്കലനത്തിൽ ഇടശ്ശേരിയുടെ നാദത്തിനുള്ള സവിശേഷത ഞാൻ ഊന്നിപ്പറഞ്ഞിരുന്നു. അതിനെ അഭിനന്ദിച്ചുകൊണ്ടുള്ളതായിരുന്നു ആ കത്ത്."

"ആ സുഹൃത്തിന്റെ വിയോഗത്തിൽ ഞങ്ങൾ ഇടശ്ശേരിയുടെ വിഷാദകുലമായ ഗൃഹത്തോട് കേരളത്തിന്റെ പിറകിൽ ഒപ്പം നിന്നുകൊണ്ട് അനുശോചിക്കുന്നു." മഹാകവി പറഞ്ഞു.

## ശക്തിയുടെ കവി

### ബാലാമണിയമ്മ

"ഇടശ്ശേരി മരിച്ചു. ഒരാഴ്ച മുമ്പ് തൃക്കാവ് മഹിളാസമാജം വക കെട്ടിടത്തിന്റെ ഉത്ഘാടനാവസരത്തിൽ കാൽനടയായി അവിടെ വന്ന് ശ്രദ്ധേയമായൊരു പ്രസംഗം ചെയ്ത ആ സുഹൃത്തിന്റെ നിര്യാണവാർത്ത എനിക്ക് ഞെട്ടലുണ്ടാക്കി. ഒരു രോഗിയുടെ നിലയിൽ ആ 'ശക്തിയുടെ കവി'യെ ഓർക്കാനിടവരുന്നതിൽ ഭേദമാവാം ഈ ഞെട്ടൽ" ശ്രീമതി ബാലാമണിഅമ്മ പറഞ്ഞു.

കേരളത്തോളമെങ്കിലും വിപുലമാണ് ആ മനുഷ്യസ്നേഹിയുടെ അടുത്ത സുഹൃന്മണ്ഡലം. ചൈതന്യധന്യമായ ഒരു തൂലിക താഴെ വീണതിൽ വ്യസനിക്കുന്ന അപരിചിതരും ദുർല്ലഭമാവില്ല ഈ വേർപാടിന്റെ വേദന അവരിലെല്ലാം ഏറെക്കാലം നീറിനിൽക്കും.

**ഇടശ്ശേരി ഗോവിന്ദൻ നായർ അന്തരിച്ചു. ചില റിപ്പോർട്ടുകൾ**

മാതൃഭൂമി (2 എഡിഷനുകൾ) 1974 ഒക്ടോബർ 17 വ്യാഴം

എക്സ്പ്രസ്സ് തൃശ്ശൂർ, 1974 ഒക്ടോബർ 17, വ്യാഴം



## സാഹിത്യലോകത്തിനു നഷ്ടം

## കെ.പി. കേശവമേനോൻ

ഇടശ്ശേരി ഗോവിന്ദൻ നായരുടെ പെട്ടെന്നുണ്ടായ നിര്യാണം അദ്ദേഹത്തിന്റെ സുഹൃത്തുക്കളും ആരാധകരും അത്യധികം വേദനയോടുകൂടിയാണ് കേട്ടതെന്നും സാഹിത്യ ലോകത്തിന് ഒരു വമ്പിച്ച നഷ്ടമാണ് അതുണ്ടാക്കിത്തീർത്തതെന്നും മാതൃഭൂമി ചീഫ് എഡിറ്റർ കെ.പി. കേശവമേനോൻ പറഞ്ഞു.

ഇടശ്ശേരി അനുഗൃഹീതനായ ഒരു കവി മാത്രമായിരുന്നില്ല. തന്റെ സത്യനിഷ്ഠയും നീതിബോധവും സഹായസന്നദ്ധതയും കൊണ്ട് താനുമായി സമ്പർക്കം പുലർത്തുവാൻ ഇട വന്ന എല്ലാവരുടേയും സ്നേഹവും ബഹുമാനവും സമ്പാദിക്കുന്നതിന് അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. സ്വത്തു സംബന്ധമായോ മറ്റോ അടുത്തുള്ളവർ തമ്മിൽ തർക്കമുണ്ടാവുമ്പോൾ അവ പറഞ്ഞു തീർക്കുവാനും ഇടശ്ശേരിയെ സമീപിക്കുകയാണ്പതിവ്. അദ്ദേഹത്തിന്റെ തീർപ്പിൽ ഇരുകൂട്ടരും സന്തുഷ്ടരായിരിക്കും. മറ്റുള്ളവരുടെ കുഴപ്പങ്ങളിൽനിന്ന് തനിയ്ക്ക് ലാഭമുണ്ടാക്കാനുള്ള വിചാരം അദ്ദേഹത്തിന്നില്ല. അതുകൊണ്ടാണ് ഇടശ്ശേരിയുടെ മരണവാർത്ത അറിഞ്ഞ് ഉടനെ പല തരക്കാരും പ്രായക്കാരും സ്ഥിതിക്കാരുമായ വളരെ ആളുകൾ അവരുടെ ആദരാഞ്ജലികൾ അർപ്പിക്കാനായി അദ്ദേഹത്തിന്റെ ഗൃഹത്തിൽ തിരക്കിക്കൂടിയത്. തന്റെ പേരും പ്രശസ്തിയും അതിന്റെ ഉച്ചത്തിൽ എത്തിയിരുന്ന അവസരത്തിലാണ് പ്രവർത്തനരംഗത്തു നിന്ന് പെട്ടെന്ന് അപ്രത്യക്ഷനാകാനുള്ള യോഗം അദ്ദേഹത്തിനുണ്ടായത്. ആ നിലയിൽ അദ്ദേഹം ഭാഗ്യവാനാണ്. അദ്ദേഹത്തിന്റെ കുടുംബത്തെ എന്റെ അനുശോചനം അറിയിച്ചുകൊള്ളുന്നു.

## മുഖ്യമന്ത്രിയുടെ അനുശോചനം

തിരുവനന്തപുരം, ഒക്ടോബർ 16–മലയാളത്തിലെ ആധുനിക കവികളിൽ ശ്രദ്ധേയനും പുരോഗമനവാദിയുമായ ഒരു കവി ആയിരുന്നു ശ്രീ ഇടശ്ശേരി ഗോവിന്ദൻ നായർ എന്നു മുഖ്യമന്ത്രി സി. അച്യുതമേനോൻ ഒരു അനുശോചന സന്ദേശത്തിൽ പറഞ്ഞു. ഒരു വക്കീൽഗുമസ്തന്റെ ജോലിയിൽ ഏർപ്പെട്ടു ജീവിതം ആരംഭിച്ച ശ്രീ ഇടശ്ശേരി സാഹിത്യനായകന്റെ നിലയിലേക്കു ഉയർന്നതു അത്ഭുതകരമായ ഒരു പ്രതിഭാസമാണ്.

'പുത്തൻകലവും അരിവാളും' തുടങ്ങിയ കവിതാ സമാഹാരങ്ങൾക്കു പുറമെ ഹിന്ദു മുസ്ലീം ഐക്യത്തേയും ഒരു നവ്യ സമുദായത്തേയും വിഭാവനം ചെയ്തുകൊണ്ടു അദ്ദേഹം രചിച്ച കൂട്ടുകൃഷി എന്ന നാടകം പ്രത്യേകം ശ്രദ്ധേയമാണെന്നു ശ്രീ അച്യുതമേനോൻ തന്റെ സന്ദേശത്തിൽ എടുത്തുപറഞ്ഞു.

## വലിയ മനുഷ്യൻ

## വി.ടി.

ഇടശ്ശേരിയുടെ ദേഹ വിയോഗ വാർത്ത എന്നെ അമ്പേ മലർത്തിയടിച്ചു കഴിഞ്ഞു. നികത്താനാവത്ത ശൂന്യതയിൽ ഞാൻ ആണ്ടിറങ്ങുകയാണ് എന്ന് വി.ടി. ഭട്ടതിരിപ്പാട് വികാരവിക്ഷുബ്ധനായി പറയുകയുണ്ടായി.

എല്ലാ ദിവസവും രാവിലെ ഉദയനാളം തലക്കു മുകളിലൂടെ വാർന്നു വീഴുമ്പോൾ പൊന്നാനിയിലെ താറിട്ട റോഡിലൂടെ സ്വന്തം നിഴലളന്നുകൊണ്ട് കോടതിപ്പടിയ്ക്കലേയ്ക്കും, അസ്തമയ പ്രഭയിൽ തിരിച്ചും നടന്നുപോകുന്ന ആ വലിയ മനുഷ്യനെ ഇനി നാം കാണുകയില്ല. ഭാവനയിൽ ആ ചിത്രം മായുകയില്ല.

എളിയവനെന്നപോലെ വലിയവനും പ്രിയംകരനുമായ എന്റെ ഈ ഇളയ സഹോദരന്റെ കാൽക്കൽ എന്റെ ഊഷ്മളമാർന്ന ഒരിറ്റ് കണ്ണനീർ വാർക്കാനല്ലാതെ എന്തു കഴിയും. ജ്യേഷ്ഠനെപ്പോലെ എന്നെ സ്നേഹിയ്ക്കുകയും പരിചരിയ്ക്കുകയും ചെയ്തുപോന്ന ശ്രീമതി ജാനകി അമ്മയുടെ അഗാധ വേദനയിൽ ഞാൻ പങ്കു ചേരുന്നു. ആത്മാവിന്ന് നിത്യശാന്തി പ്രാർത്ഥിയ്ക്കുന്നു.

**ഇടശ്ശേരി ഗോവിന്ദൻ നായർ അന്തരിച്ചു. ചില റിപ്പോർട്ടുകൾ**
മാതൃഭൂമി (2 എഡിഷനുകൾ) 1974 ഒക്ടോബർ 17 വ്യാഴം
എക്സ്പ്രസ്സ് തൃശ്ശൂർ, 1974 ഒക്ടോബർ 17, വ്യാഴം



### സത്യസന്ധമായ മുഖം

### ഒളപ്പമണ്ണ

പാലക്കാട്, ഒക്ടോബർ 16-ശ്രീ ഒളപ്പമണ്ണ ഒരു അനുശോചന സന്ദേശത്തിൽ ഇങ്ങനെ പറയുന്നു.

"ഇടശ്ശേരിയുടെ മരണം എന്നെ പിടിച്ചു കുലുക്കുന്നു. ജീവിതത്തിലും കവിതയിലും അദ്ദേഹത്തിന്റെ മുഖം സത്യസന്ധമാണ്. രൂപം വെച്ചുകെട്ടില്ലാത്തതാണ്. പൗരാണികമായ ഇടശ്ശേരിക്കവിത ശക്തിയുടേയും ചൈതന്യത്തിന്റേയും പ്രവാഹമാണ്. വല്ലാത്തൊരു അന്ധകാരം എന്നെ മൂടുന്നു."

(മാതൃഭൂമി 1974 ഒക്ടോബർ 17 വ്യാഴം)

## ധർമ്മബോധത്തിന്റെ കവിത

നമ്മുടെ കാലഘട്ടത്തിന്റെ ധർമ്മത്തെയും ധർമ്മസങ്കടങ്ങളേയും ശ്രദ്ധയോടെ നോക്കിക്കാണാനും ഗൗരവബുദ്ധിയോടെ ആവിഷ്ക്കരിക്കാനും ശ്രമിച്ചിട്ടുള്ള അപൂർവ്വം ചില മലയാള കവികളിലൊരാളാണ് ഇടശ്ശേരി. അസാധാരണമായ വ്യക്തിമുദ്ര-അപൂർവ്വത-യായിരുന്നു അദ്ദേഹത്തന്റെ മഹത്വം. സ്വന്തം രക്തത്തിന്റെ താളം തന്നെയാണ് കവിതയുടെ താളമെന്നും സ്വന്തം ജീവിതത്തിന്റെ ദർശനമാണ് കാവ്യദർശനമെന്നും അഭിമാനപൂർവ്വം തെളിയിച്ച പ്രതിഭാശാലികളുടെ കൂട്ടത്തിലായിരിക്കും ഭാവിതലമുറ അദ്ദേഹത്തെ കാണുക.

ആരംഭത്തിൽ തന്നെ, സാമാന്യധാരണയിൽ കാവ്യഭംഗിയെന്നു പലരും തെറ്റിദ്ധരിച്ചു വെച്ചിട്ടുള്ള മേനിപ്പകിട്ടിനെ വർജ്ജിച്ചുകൊണ്ടാണ് അദ്ദേഹം ആത്മാവിഷ്ക്കാരത്തിനൊരുങ്ങിയത്. കുറഞ്ഞൊന്നു പരുഷമാണ് അദ്ദേഹത്തിന്റെ പദാവലികളെന്ന് അന്നു പലരും പറഞ്ഞു. പക്ഷേ, പരുഷമായ ആ പദാവലികളിൽ കാവ്യധർമ്മം നിറഞ്ഞ ഒരു ഹൃദയത്തിന്റെ പൗരുഷം ജ്വലിച്ചു നിൽക്കുന്നതു പിന്നീട് പലരും കണ്ടു. കവിതയുടെ ഗതി താളങ്ങളെ സംബന്ധിച്ചിടത്തോളം താണ്ഡവത്തോടായിരുന്നു അദ്ദേഹത്തിന് ആഭിമുഖ്യം. മലയാള കവിതയുടെ പരക്കെ വാഴ്ത്തപ്പെട്ട മസൃണതയിൽ നിന്ന് മാറിനിൽക്കുന്ന വ്യക്തിത്വം നിറഞ്ഞ മുഖം ഇടശ്ശേരിക്കവിതയുടേതുതന്നെ.

കഴിഞ്ഞ കാൽ ശതാബ്ദത്തിനപ്പുറത്തു നമ്മുടെ മാനസികലോകത്തെ സ്പന്ദിപ്പിച്ച തത്വശാസ്ത്രത്തേയും സ്വാശ്രയ സംഹിതകളേയും അസാധാരണമായ കർമ്മശക്തിയോടെയാണ് ഇടശ്ശേരി ആത്മസാത്ക്കരിച്ചത്. കാലികമായ ആശയപ്രവാഹത്തെ ഒരിക്കലും അദ്ദേഹം മറന്നില്ല; എന്നാൽ കാലിടറി അതിൽ വീണുമില്ല; കാവ്യജീവിതത്തിലെന്നപോലെ വ്യക്തിജീവിതത്തിലും സ്ഥായിയായ ഭാവബന്ധങ്ങളെ സ്വീകരിക്കാൻ കഴിഞ്ഞു എന്നതുതന്നെ കാരണം.

ജീവിതത്തിന്റെ ശാദ്വലങ്ങളിൽ മോഹത്തിന്റെ മേനിപ്പകിട്ടിലേയ്ക്കും പലപ്പോഴും കാവ്യബോധത്തിന്റെ രശ്മികൾ സഞ്ചരിക്കാറുണ്ടല്ലോ? പക്ഷേ, അന്തരാത്മാവിൽ അല്പം വ്യഥപേറുന്നവർ അടിത്തട്ടിലേയ്ക്കാണ് സഞ്ചരിക്കാറുള്ളത്. വ്യഥാമയമായ ഈ അധോലോകത്തെ അതിന്റെ ഭീകരമായ രൗദ്രതയോടെ കാണുകയും അതിനെ ജയിച്ചറിഞ്ഞുകൊണ്ട് പുഞ്ചിരിക്കുകയും ചെയ്യാനായിരുന്നു ഇടശ്ശേരിയുടെ കാവ്യഹൃദയം പ്രവർത്തിച്ചത്. സൃഷ്ടിയുടെ സ്ഥിതിതാളം സംഹാരത്തിന്റെ മേളമാണെന്നും നമ്മുടെ സാംസ്കാരിക പൈതൃകം നിശിതമായ ക്രൗര്യമാണെന്നും അദ്ദേഹം കണ്ടെത്തുന്നു: നിസ്സംഗതയോടെ ചിരിക്കുന്നു; തികച്ചും തീക്ഷ്ണവും ഉദാത്തവുമായ ഈ ദാർശനിക മന്ദഹാസം മലയാളക്കവിതയിൽ മറ്റെങ്ങും നാളിതുവരെ വിടർന്നു കണ്ടിട്ടില്ല.

അസാമാന്യമായ കവികൗശലത്തിന്റെ പ്രമുഖ സിദ്ധികളിലൊന്നാണല്ലോ നാടകം. ചടുലമായ ഭാഷാ സിദ്ധിയും തിളക്കമുള്ള ദർശനശക്തിയുമാണ് നാടകത്തിന്റെ മൂലമന്ത്രം. അപരാജിതങ്ങളെന്നു വിളിക്കാവുന്ന നാടകങ്ങളുടെ

**ഇടശ്ശേരി ഗോവിന്ദൻ നായർ അന്തരിച്ചു. ചില റിപ്പോർട്ടുകൾ**

മാതൃഭൂമി (2 എഡിഷനുകൾ) 1974 ഒക്ടോബർ 17 വ്യാഴം

എക്സ്പ്രസ്സ് തൃശ്ശൂർ, 1974 ഒക്ടോബർ 17, വ്യാഴം



കൂട്ടത്തിൽ ഇടശ്ശേരിയുടെ നാടകങ്ങളും പെടും. എങ്കിലും ഇടശ്ശേരിയുടെ നാടകങ്ങളിൽ കൂടുതൽ മിനുങ്ങാൻ മടിച്ച കർമ്മശക്തി താളബോധത്തോടെ വ്യാപരിച്ചത് കാവ്യവേദിയിൽ തന്നെ. അന്തർമണ്ഡലത്തിലെ സൂക്ഷ്മഭാവങ്ങളുടെ തീവ്രസംഘട്ടനങ്ങളെ തീക്ഷ്ണനാളത്തിൽ അവതരിപ്പിച്ചിട്ടുള്ളവയാണ് ഇടശ്ശേരിയുടെ കവിതകളിൽ പലതും. കാവ്യലോകത്തിലെ ഏകാങ്കങ്ങളെന്നു മടിയൊന്നും കൂടാതെ അവയെ വിശേഷിപ്പിക്കാം.

പുരുഷാന്തരങ്ങൾ നേടി വെച്ച പൂർവ്വപുണ്യങ്ങളാണല്ലോ കാലഘട്ടത്തിന്റെ സാംസ്കാരിക പൈതൃകം. പുതിയ യുഗസന്ധിയിൽ വെച്ച് അവയെ പുനർനവം ചെയ്തെടുക്കുന്നവരാണ് കാവ്യശക്തിയുള്ളവർ. പുതുമയെന്ന് പൂജിച്ചു വെക്കുന്നവയിൽ പലതും പഴമയാണെന്ന് ബോദ്ധ്യം കൂടി വന്നാലോ? അസാമാന്യമായ നർമ്മബോധമുള്ളവർക്കേ ഈ ധർമ്മസങ്കടത്തിന്റെ ബോധഭാഷ സിദ്ധമാവൂ. മാനവീയതയുടെ ഭാവിയ്ക്കുവേണ്ടി ആദി തൊട്ടു തുടങ്ങുക എന്ന തന്ത്രം എപ്പോഴും ആവർത്തിക്കണമെന്ന ആശയധാര പലപ്പോഴും ഇടശ്ശേരിക്കവിതകളിൽ ഒളിമിന്നി നിന്നിരുന്നു. 'പൊട്ടിയെ' ഒഴിക്കുമ്പോൾ 'ശീവോതി' കുടിയിരിക്കുന്നു; കുടിയിരിക്കുന്ന 'ശീവോതി' തന്നെ 'പൊട്ടി'യായി ചതിക്കുന്നു. 'പൊട്ടിയെ' ഒഴിവാക്കാൻ എപ്പോഴും ഒരുങ്ങുന്നവർ മാത്രമേ 'ശീവോതി'യുടെ രശ്മിമണ്ഡലത്തെ സാക്ഷാത്ക്കരിക്കാറുള്ളു. എപ്പോഴും ചതിക്കാനെത്തുന്ന പൊട്ടിയുടെ മായാലോകത്തെത്തന്നെയായിരുന്നു ഇടശ്ശേരി എന്നും ഭയപ്പെട്ടിരുന്നത്.

ധർമ്മബോധവും കർമ്മമണ്ഡലവും തമ്മിൽ നടക്കുന്ന സംഘട്ടനം തന്നെയാണല്ലോ സമന്വയത്തിന്റെ ആദിതാളം. അന്തരാത്മാവിന്റെ ധർമ്മസങ്കടമെന്ന് പലപ്പോഴും നാം വിളിച്ചു ചെല്ലാറുള്ളതും, ഈ വേദനയെ കുറിച്ചു തന്നെ. സങ്കല്പത്തിൽനിന്ന് ജന്മം നേടി പുറത്തെത്തുന്ന ഏത് കലാസൃഷ്ടിയിലും ആത്മാംശമെന്ന നിലയിൽ വർത്തിക്കുന്ന വ്യക്തിമുദ്രയും ഇതത്രേ ധർമ്മബോധനത്തിന്റെ പ്രകാശത്തിന്നുവേണ്ടിയുള്ള തീവ്രമായ സംഘർഷത്തിന്റെ വേദനയാണ് ഇടശ്ശേരിയുടെ നാടകീയമായ കവിത. ബുദ്ധികൊണ്ട് ഹിംസയെ വധിക്കാമെന്നു തന്നെയാണ് ബുദ്ധപ്രതിമകൊണ്ട് 'നരിയമ്മാനെ' വധിച്ചപ്പോഴും അദ്ദേഹം തെളിയിച്ചത്. എപ്പോഴും മനുഷ്യവർഗ്ഗത്തെ ഓമനിക്കുകയും ചതിക്കുകയും ചെയ്യുന്ന പൈശാചിക ശക്തിയെ അകത്തും പുറത്തും നിന്ന് ജയിക്കാനാണ് അദ്ദേഹം പരിശ്രമിച്ചത്. അകക്കാവിലിരുന്ന് അനുഗ്രഹിച്ച് അയക്കുന്ന അമ്മയുടെ നിഴൽ തന്നെയാണ് മുന്നിൽ മനുഷ്യനെ പേടിപ്പെടുത്തിക്കൊണ്ടു നിൽക്കുന്ന പൊട്ടിയെന്ന കഥയുടെ തുടർതാളമാണ് ഇടശ്ശേരിക്കവിതയുടെ മറ്റൊരു മുഖം. അനാദിയായ സത്യത്തിന്റെ പ്രകാശികയായും അക്ഷമയോടെ മനുഷ്യരക്തം പാനം ചെയ്യുന്ന ചണ്ഡികയായും അദ്ദേഹം പല മണ്ഡലങ്ങളിലും ഈ ബോധശക്തിയെത്തന്നെയാണ് ദർശിക്കുന്നത്. ഈ മഹാശക്തിയാണ് ഇടശ്ശേരിയുടെ കാവ്യശക്തി, ഈ ദർശനമാണ് അദ്ദേഹത്തിന്റെ കാവ്യലോകത്തിന്റെ ദീപ്തമായ പുരുഷാർത്ഥം.

(മാതൃഭൂമി 1974 ഒക്ടോബർ 17 വ്യാഴം)

**ഇടശ്ശേരി ഗോവിന്ദൻ നായർ അന്തരിച്ചു. ചില റിപ്പോർട്ടുകൾ**

മാതൃഭൂമി (2 എഡിഷനുകൾ) 1974 ഒക്ടോബർ 17 വ്യാഴം

എക്സ്പ്രസ്സ് തൃശ്ശൂർ, 1974 ഒക്ടോബർ 17, വ്യാഴം



# ഇടശ്ശേരി ഗോവിന്ദൻ നായർ നിര്യാതനായി

മലയാളത്തിന്റെ ശക്ത്യുപാസകനായ കവിയുടെ തിരോധാനം

കരുത്തിന്റെ കവിയെന്നു വിഖ്യാതനായ ഇടശ്ശേരി ഗോവിന്ദൻനായർ (68) ഇന്നു കാലത്ത് ഇവിടെയുള്ള ഗൃഹത്തിൽവെച്ച് ഹൃദ്രോഗം മൂലം നിര്യാതനായി.

കാലത്ത് 7.15ന് ചായ കുടിച്ചുകൊണ്ടിരിക്കുമ്പോഴാണ് പെട്ടെന്ന് നെഞ്ചുവേദന അനുഭവപ്പെട്ടത്. ഏറെ താമസിയാതെ അന്ത്യശ്വാസം വലിക്കുകയും ചെയ്തു.

കർമ്മനിരതമായ ജീവിതത്തെക്കുറിച്ച് കവിതയെഴുതിയ ഇടശ്ശേരി ഇന്നലെയും ജോലിക്കുപോവുകയുണ്ടായി. കഴിഞ്ഞദിവസം തൃക്കാവ് മഹിളാസമാജം കെട്ടിടത്തിന്റെ ഉത്ഘാടനത്തിൽ സുപ്രസിദ്ധ കവിയത്രിയായ ബാലാമണിഅമ്മയുമൊന്നിച്ച് പങ്കെടുത്തതാണ് അദ്ദേഹത്തിന്റെ അവസാനത്തെ പൊതുപരിപാടി.

മഹാകവി വള്ളത്തോളിനുശേഷം ഭാരതപ്പുഴയുടെ തീരം മലയാളത്തിനു നൽകിയ മഹാർഹമായ ദാനമാണ് ഇടശ്ശേരിയുടെ ചരമത്തോടു കൂടി തിരോധാനം ചെയ്തിരിക്കുന്നത്.

പരുപരുത്ത ജീവിതയാഥാർത്ഥ്യങ്ങളെ, അതിലേറെ പരുഷമായ ശൈലിയിൽതന്നെ ആവിഷ്കരിച്ച കവിയാണ് ഇടശ്ശേരി.

കേന്ദ്ര-സംസ്ഥാന സാഹിത്യ അക്കാദമികളുടെ അവാർഡ് നേടിയ ഇടശ്ശേരി പ്രഗത്ഭനായൊരു നാടകകൃത്ത്കൂടിയാണ്.

മലയാളത്തിൽ ഏറ്റവും മികച്ച നോവൽ എന്ന പദവി ഇന്നും 'ഇന്ദുലേഖ' തന്നെ വഹിക്കുന്നതുപോലെ ഏറ്റഴും മികച്ച നാടകത്തിന്റെ പദവിയും ഇടശ്ശേരിയുടെ 'കൂട്ടുകൃഷി'ക്കാണെന്ന് നിഷ്പക്ഷമതികൾ സമ്മതിക്കും.

ജീവചരിത്രം

തിരൂർ താലൂക്കിലെ കുറ്റിപ്പുറത്ത് ഒരിടത്തരം തറവാട്ടിൽ ജനിച്ച ഇടശ്ശേരിക്ക് ഉന്നത വിദ്യാഭ്യാസമോ, അതുവഴിയുള്ള ഔദ്യോഗികപദവിയുടെ സൗഭാഗ്യമോ ലഭിക്കാൻ ഇടയായില്ല. പതിനഞ്ചാമത്തെ വയസ്സിൽ എലിമെന്ററി സ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി നേരെ ജീവിതത്തിലേക്കിറങ്ങിയ ആ ബാലൻ എത്തിച്ചേർന്നത് ആലപ്പുഴയിലാണ്. അവിടെവെച്ചാണ് വക്കീൽഗുമസ്തപ്പണിയുടെ 'ഹരിശ്രീ' അഭ്യസിച്ചത്. ആറേഴുകൊല്ലക്കാലം അവിടെത്തന്നെ ആ കളരിയിൽ പയറ്റിനാട്ടിൽ തിരിച്ചെത്തിയെങ്കിലും 1929-ൽ കോഴിക്കോട്ട് വന്ന് ഗുമസ്തപണി തുടർന്നു. പിന്നീട് സ്ഥിരമായി പൊന്നാനിയിൽ ഗുമസ്തപ്പണിയുമായി കഴിച്ചുകൂട്ടി. സമുദായത്തിലും പൊതുരംഗത്തും പറയത്തക്കൊരു 'മേന്മ' അവകാശപ്പെടാനാകാത്ത തൊഴിലായിരുന്നുവെങ്കിലും, സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങളിൽ തന്റെ എല്ലുറപ്പുകൊണ്ടു മാത്രം വ്യക്തിത്വം സ്ഥാപിച്ചുറപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

കവിതയെഴുത്തിൽ തനിക്കു ഒരു ഗുരുവിനെക്കുറിച്ച് അനുസ്മരിക്കാനില്ലാത്ത ഇടശ്ശേരി, ഒരു വലിയ ശിഷ്യസഞ്ചയത്തെ സൃഷ്ടിച്ചിട്ടുണ്ടെന്നത് ചിന്താർഹമായൊരു വസ്തുതയാണ്. താൻ ജനിച്ചുവളർന്ന ചുറ്റുപാടും, തന്റെ തൊഴിലും നൽകിയ അനുഭവങ്ങൾക്കാണ് കവിതകളിലൂടെയും നാടകങ്ങളിലൂടെയും ഇടശ്ശേരി രൂപം നൽകിയത്.

ദേശീയ പ്രസ്ഥാനത്തിന്റെ സമരാവേശം കത്തിജ്വലിക്കുന്ന ഇടശ്ശേരിയുടെ കവിതകൾ ഒരു കാലത്ത് കേരളത്തിലെ അവശവിഭാഗത്തിന്റെ പടപ്പാട്ടായിരുന്നു അവശന്മാരെപ്പറ്റിയും 'അവരുടെ സങ്കടമാരറിയാൻ.....' എന്നു പറഞ്ഞുനിർത്തി നിർവ്വേദം കൊള്ളുന്നതിനുപകരം 'കുഴിവെട്ടി മൂടുക വേദനകൾ, കുതികൊൾക ശക്തിയിലേക്കു നമ്മൾ' എന്നു പാടിയ കവിയാണ് ഇടശ്ശേരി. സാമൂഹ്യമായ ഉച്ചനീചത്വങ്ങൾക്കെതിരായി, മാത്രമല്ല അന്ധ

**ഇടശ്ശേരി ഗോവിന്ദൻ നായർ അന്തരിച്ചു. ചില റിപ്പോർട്ടുകൾ**
മാതൃഭൂമി (2 എഡിഷനുകൾ) 1974 ഒക്ടോബർ 17 വ്യാഴം
എക്സ്പ്രസ്സ് തൃശ്ശൂർ, 1974 ഒക്ടോബർ 17, വ്യാഴം



വിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായും ഒരു ഝംഝാവാതം പോലെ അദ്ദേഹത്തിന്റെ കവിതകൾ ആഞ്ഞടിച്ചിട്ടുണ്ട്.

പുത്തൻകലവും അരിവാളും, കറുത്തചെട്ടിച്ചികൾ, ലഘുഗാനങ്ങൾ, പണിമുടക്കം, അളകാവലി, കാവിലെപാട്ട്, ഒരുപിടി നെല്ലിക്ക എന്നിവയാണ് ഇടശ്ശേരിയുടെ പ്രമുഖ കാവ്യസമാഹാരങ്ങൾ. കൂട്ടുകൃഷി, തിരിച്ചെത്തൽ, ഓമനേ നീയെന്റെ സ്വത്താണ്, പൊടി പൊടിച്ച സംബന്ധം, രണ്ടും ഒന്നുതന്നെ, കളിയും ചിരിയും (ഏകാങ്കം) ചാലിയത്തി എന്നിവയാണ് നാടകങ്ങൾ.

"ഒരു പിടി നെല്ലിക്ക" കേരള സാഹിത്യഅക്കാദമിയുടേയും "കാവിലെപാട്ട്" കേന്ദ്രസാഹിത്യ അക്കാദമിയുടേയും അവാർഡുകൾ നേടി. "പുത്തൻകലവും അരിവാളും" എന്ന സമാഹാരത്തിന് മദ്രാസ് ഗവണ്മെന്റിന്റെ അവാർഡ് ലഭിച്ചിട്ടുണ്ട്.

സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ ഡയറക്ടർബോർഡ് അംഗമായും കേരള സാഹിത്യഅക്കാദമി അംഗമായും പ്രവർത്തിച്ചിട്ടുള്ള ഇടശ്ശേരി കേരള സാഹിത്യസമിതിയുടെ പ്രസിഡണ്ടായിരുന്നു.

ഇടശ്ശേരിക്ക് ഭാര്യയും രണ്ടു പെൺകുട്ടികളടക്കം എട്ടു മക്കളുമാണുള്ളത്. മൂത്തമകൻ സതീശ് നാരായണൻ ആലുവാ എഫ്.എ.സി.ടിയിൽ ഉദ്യോഗസ്ഥനാണ്. ബോംബെയിൽ ജോലിചെയ്യുന്ന രണ്ടാമത്തെ മകൻ ഹരികുമാർ ഒരു സാഹിത്യകാരൻകൂടിയാണ്. മൂന്നാമത്തെ മകൻ ഉണ്ണികൃഷ്ണൻ ഹൈദരാബാദിൽ ഇലക്ട്രോണിക് എഞ്ചിനീയറായും ജോലിചെയ്യുന്നു. അഞ്ചാമത്തെ മകൻ ദിവാകരൻ എം.ബി.ബി.എസ്സിനും താഴെയുള്ള മകൻ അശോക്കുമാർ എഞ്ചിനീയറിങ്ങിനും പഠിക്കുന്നു. പെൺമക്കളിൽ മൂത്തമകൾ ഗിരിജ വിവാഹിതയാണ്. ഉഷ കോളേജിൽ പഠിക്കുന്നു.

പൊന്നാനിയിലെ മിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇടശ്ശേരിയുടെ ചരമത്തിൽ അനുശോചിച്ച് ഇന്നു അവധി നൽകി. പൊന്നാനി മുനിസിപ്പ് -മജിസ്ട്രേട്ട് കോടതികൾ റഫറൻസ് നടത്തി നിർത്തിവെച്ചു.

## അനുശോചനം

ഇടശ്ശേരിയുടെ നിര്യാണവാർത്ത അറിഞ്ഞ ഉടനെത്തന്നെ തൃശൂരിലുള്ള കേരള സാഹിത്യഅക്കാദമി ഓഫീസിൽ കറുത്ത പതാക ഉയർത്തി ദുഃഖം പ്രകടിപ്പിച്ചു. സാഹിത്യഅക്കാദമിക്കുവേണ്ടി അസി:സെക്രട്ടറി വി.എ.എ. അസീസും, സാഹിത്യപ്രവർത്തക സഹകരണസംഘത്തിനും സാഹിത്യപരിഷത്തിനുംവേണ്ടി സി.പി. ശ്രീധരനും പൊന്നാനിയിലെത്തി മൃതദേഹത്തിൽ റീത്തു സമർപ്പിച്ചു.

കേന്ദ്ര ഗ്രന്ഥശാലാ സംഘത്തിനുവേണ്ടി പ്രസിഡണ്ട് തായാട്ട് ശങ്കരൻ, "എക്സ്പ്രസ്സി"നുവേണ്ടി എ.കെ. അസ്സു എന്നിവരും അധ്യാപക-വിദ്യാർത്ഥി ട്രേഡ്യൂണിയൻ കലാ-സാംസ്കാരിക സംഘടനകൾക്കുവേണ്ടി അവയുടെ പ്രതിനിധികളും മൃതദേഹത്തിൽ റീത്തുകൾ സമർപ്പിച്ചു.

## മുഖ്യമന്ത്രിയുടെ അനുശോചനം

തിരുവനന്തപുരം: പ്രസിദ്ധ കവിയായ ഇടശ്ശേരി ഗോവിന്ദൻനായരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് മുഖ്യമന്ത്രി അച്യുതമേനോൻ ഇന്നൊരു സന്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

## വൈലോപ്പിള്ളി

തൃശൂർ: ഭാഷയിലെ ഏറ്റവും ശക്തിയും മൗലികതയുമുള്ള കവിയാണ് ഇടശ്ശേരിയുടെ നിര്യാണത്തോടെ കേരളത്തിനു നഷ്ടപ്പെട്ടിട്ടുള്ളതെന്ന് വൈലോപ്പിള്ളി ശ്രീധരമേനോൻ പ്രസ്താവിച്ചു.

ഇടശ്ശേരിയുടെ നിര്യാണത്തെക്കുറിച്ച് ഈ ലേഖകൻ പറഞ്ഞാണ് വൈലോപ്പിള്ളി അറിഞ്ഞത്. കേട്ടമാത്രയിൽ അക്ഷരാർത്ഥത്തിൽതന്നെ അദ്ദേഹം ഞെട്ടിത്തെറിച്ചുപോയി. അല്പനേരം വസതിയുടെ വരാന്തയിൽ തലയിൽ കയ്യുംകൊടുത്ത് നിശ്ചലനായി നിന്നുപോയ വൈലോപ്പിള്ളി വളരെയേറെ പരവശനായി കാണപ്പെട്ടു. ഗദ്ഗദം തടഞ്ഞുനിർത്തിക്കൊണ്ട്

അദ്ദേഹം പറഞ്ഞു:

'കുറെക്കാലമായി ക്ഷീണിച്ചിരിക്കുന്ന കവിതാരംഗം ഇതുമൂലം അത്യധികം പ്രക്ഷീണമായി എന്നെ പറയേണ്ടു. എല്ലാവരുടേയും സുഹൃത്തായിരുന്ന ആ മഹാമനസ്കന്റെ വേർപാടിന്റെ വിഷാദം എന്നെ പ്രത്യേകിച്ചും വിവശനാക്കുന്നു. ഒരാഴ്ചമുമ്പാണ് അദ്ദേഹത്തിന്റെ ഒടുവിലത്തെ രണ്ടു കാവ്യസമാഹാരങ്ങൾ അദ്ദേഹം സ്നേഹപൂർവ്വം എനിക്ക് അയച്ചുതന്നത്. കാലക്രമംകൊണ്ട് അദ്ദേഹത്തിന്റെ യശസ്സ് തെളിഞ്ഞുവന്നു. ഇനിയും ഇനിയും അത് ഭാസുരമായിത്തീരുമെന്ന് എനിക്ക് ഉറപ്പുണ്ട്. സാധാരണക്കാരന്റെ അസാധാരണക്കാരനായ കവിയായിരുന്നു അദ്ദേഹം."

## സി.പി. ശ്രീധരൻ

"ഗാന്ധിയുഗത്തിന്റെ സാംസ്കാരിക പൈതൃകത്തെ ഹ്യൂമനിസത്തിന്റേയും സോഷ്യലിസത്തിന്റെയും സംസ്കാരവുമായി സമന്വയിച്ച് ശക്തിയുടെ കവിതയും നാടകവുംകൊണ്ട് മലയാളസാഹിത്യത്തിൽ അനന്വയനായി നിൽക്കുന്ന ഈ നാടൻ കർഷകകവിയുടെ നിര്യാണം മൂലം എനിക്കു ആദർശജ്വാല പകർന്ന ഒരു ഗുരുത്തമൻ നഷ്ടപ്പെട്ടു"വെന്നാണ് സാഹിത്യപ്രവർത്തക സഹകരണസംഘം വൈസ് പ്രസിഡണ്ട് സി.പി. ശ്രീധരൻ ഒരു അനുശോചന സന്ദേശത്തിൽ പ്രസ്താവിച്ചത്.

(എക്സ്പ്രസ്സ് തൃശ്ശൂർ, 1974 ഒക്ടോബർ 17, വ്യാഴം)